അതിന് സമ്മർദ്ദം ചെലുത്തികൊണ്ടിരിക്കുകയാണ്. ഇപ്പോൾ അനുവദിച്ചിട്ടുള്ള അംഗൻവാടികൾ 18756 ആണ്. കേന്ദ്രാനുമതി ലഭിച്ച് ലോകബാങ്കിന്റെ സഹായമൊക്കെ കിട്ടുമ്പോൾ 6800 പുതിയ അംഗൻവാടികൾ ആരംഭിക്കും. അവർക്ക് 100 രൂപ വീതം പ്രതിമാസം ഓണറേറിയം വർദ്ധിപ്പിച്ച് നൽകാൻ പ്രതിമാസം 6,10,94,400 രൂപ വേണ്ടി വരും. സർ, അംഗൻവാടി ജീവനക്കാരുടെ ഓണറേറിയത്തിൽ വർദ്ധനവ് വരുത്തണമെന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ധനകാര്യ വകുപ്പുമന്ത്രി അത് അനുഭാവപൂർവ്വം പര്യാലോചിക്കാമെന്നാണ് ഉറപ്പു നൽകിയിട്ടുള്ളത്.

(11) ബാംബൂ കോർപ്പറേഷനിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. പി.ജെ. ജോയി : സർ, സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണമെന്നും സ്റ്റാഫിന്റെ ശമ്പളപരിഷ്ക്കരണം നടപ്പാക്കണമെന്നുമുള്ള ആവശ്യം ഉന്നയിച്ചുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ വ്യാപകമായി ആയിരക്കണക്കിന് തൊഴിലാളികൾ ഈ കോർപ്പറേഷന്റെ കീഴിൽ പണിയെടുക്കുന്നുണ്ട്. ഈറ്റ വെട്ടുന്ന, പനമ്പ് നെയ്യുന്ന, പനമ്പ് ഉണക്കികിട്ടുന്ന തൊഴിലാളികളുടെ വേതന പരിഷ്ക്കരണത്തിന്റെ കാലാവധി തീർന്നിട്ടില്ല. പക്ഷേ കാലാവധി തീരുന്നതിനു മുൻപാണ് മുൻകാലങ്ങളിൽ കൂലി വർദ്ധിപ്പിച്ചിട്ടുള്ളത്. അവരുടെ ജീവിതം വളരെ വിഷമത്തിലാണ്. അതുകൊണ്ട് അവരുടെ വേതനം വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം. അതോടൊപ്പംതന്നെ ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ജീവനക്കാർ 19-ാം തീയതി മുതൽ അനിശ്ചിത കാല പണിമുടക്കുസമരത്തിലേയ്ക്ക് നീങ്ങുകയാണ്. എല്ലാ ട്രേഡ് യൂണിയനുകളുടേയും നേതൃത്വത്തിലുള്ള സമരമാണ് അന്നുമുതൽ നടക്കുന്നത്. അതിനു കാരണം 1-7-97 മുതലാണ് അവരുടെ ശമ്പള പരിഷ്കരണമുണ്ടാക്കേണ്ടത്. ഗവൺമെന്റിന്റെ ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്നതോടുകൂടിതന്നെയാണ് ഈ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണവും നടപ്പാക്കുന്നത്. തുല്യമായ രീതിയിലാണ് നാളിതുവരെ ചെയ്തിട്ടുള്ളത്. ഇത്തവണ ബാംബൂ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡും അനുകൂലമായ തീരുമാനം എടുത്തിട്ടുണ്ട്. പക്ഷേ ഗവൺമെന്റിൽ നിന്നും അനുകൂലമായ തീരുമാനം വന്നിട്ടില്ല. 1-7-97 മുതൽ അവരുടെ ശമ്പള പരിഷ്ക്കരണം ഗവൺമെന്റിന്റെ ശമ്പള പരിഷ്ക്കരണത്തിനു തുല്യമായി പതിവുപോലെ നടപ്പാക്കണം. അതുപോലെതന്നെ ഫാക്ടറി തൊഴിലാളികളുടേയും ശമ്പളപരിഷ്ക്കരണത്തിന് കാലാവധി കഴിഞ്ഞു. അവരുടെ കാര്യങ്ങൾ ചർച്ച ചെയ്ത് എത്രയുംവേഗം പരിഹാരമുണ്ടാക്കണം. ഏതായാലും 19-ാം തീയതി മുതൽ ഈ ജീവനക്കാരുടെ പണിമുടക്ക് സമരം നടക്കുന്നത് അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്ന് പ്രത്യേകമായി ഓർമ്മിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഇത് ഒരു ലക്ഷത്തോളം വരുന്ന ഈറ്റ തൊഴിലാളികൾ പണിയെടുക്കുന്ന ഒരു മേഖലയാണ്. വളരെ ചെറിയ വേതനമാണ് അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം 15 രൂപയുടെ വർദ്ധനവുണ്ടായി. എന്നിട്ടുപോലും 35 രൂപ മാത്രമാണ് കൊടുക്കാൻ കഴിയുന്നത്. ഈ കോർപ്പറേഷന് ഇക്കൊല്ലം 35 ലക്ഷം രൂപയുടെ ലാഭമുണ്ട്. പക്ഷെ

LIBRARY ARCHIVES Kerala Legislative Assembly

ഇത്രയും ലാഭത്തിൽവന്നത് 70 ലക്ഷം രൂപ ഗ്രാന്റായി സംസ്ഥാന ഗവൺമെന്റ് കൊടുത്തതുകൊണ്ടാണ്. ഇന്ന് ഈ പറയുന്ന ആവശ്യങ്ങൾ ഒക്കെ വച്ചു കാര്യങ്ങൾ ചെയ്യണമെങ്കിൽ അതിന്റെ സാമ്പത്തിക പരിധിക്കുള്ളിൽ നിൽക്കുന്നില്ല. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് വളരെ വിശദമായ ഒരു ചർച്ച ഞങ്ങൾ നടത്തി. പക്ഷേ ഇതിന്റെ സാമ്പത്തിക വരുമാനത്തിനിടയിൽ നിന്നുകൊണ്ടുള്ള ഒരു വർദ്ധനവ് മാത്രമാണ് കൊടുക്കാൻ കഴിയുന്നത്. ന്യായമായിട്ട് അവർക്ക് കിട്ടേണ്ടത് എന്നു പറയുന്ന, സർക്കാർ ജീവനക്കാർക്ക് കിട്ടുന്ന അതേ വേതനം എന്നു പറയുന്നത് കൊടുക്കാൻ ഇന്നത്തെ സ്ഥിതിയിൽ വളരെ പരിശോധിച്ചു മാത്രമേ ചെയ്യാൻ കഴിയൂ. അതിന് വളരെയധികം പരിമിതിയുണ്ട്. മറ്റു വിഭാഗങ്ങളും അതുപോലെ ആവശ്യങ്ങളുമായി മുന്നോട്ടു വന്നിരിക്കുകയാണ്. അത് പരിശോധിച്ചിട്ട് ന്യായമായ ഒരു പരിഹാരം കാണാനാണ് ശ്രമിക്കുന്നത്.

(12) മേപ്പാടി പഞ്ചായത്തിലെ 'പൂത്തക്കൊല്ലി'യിൽ കുടി ഒഴിപ്പിക്കൽ ഭീഷണി

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, വയനാട് ജില്ലയിൽ മേപ്പാടി പഞ്ചായത്തിൽ പൂത്തകൊല്ലി എന്ന ഒരു പ്രദേശമുണ്ട്. ആ പൂത്തക്കൊല്ലി പ്രദേശത്ത് ഏകദേശം 50-ൽപ്പരം കുടുംബങ്ങൾ ഭൂമി കൈവശം വച്ച് വരികയാണ്. 1969 മുതൽ ഭൂമി കൈവശം വച്ച് വരുന്നവരുണ്ട്. പലരും ഭൂ നികുതി അടച്ചിട്ടുള്ളവരാണ്. ചിലർക്കൊക്കെ പട്ടയമുണ്ട്. എല്ലാവർക്കും വീട്ടുനമ്പരുമുണ്ട്. മിക്കവാറും എല്ലാവർക്കും റേഷൻ കാർഡുമുണ്ട്. വളരെ വർഷങ്ങളായി കുടിയേറി താമസിച്ച് വരുന്നവരാണ്. ഒരു മാസത്തിനു മുൻപ് ഫോറസ്റ്റ് അധികൃതർ ആ ഭൂമി അതിര് തിരിച്ച് കല്ല് ഇട്ട് വനഭൂമിയോട് കൂട്ടിച്ചേർക്കാൻ ഒരു ശ്രമം നടത്തുകയുണ്ടായിരുന്നു. കൃഷിക്കാരുടെ ശക്തമായ എതിർപ്പു കാരണം നടന്നില്ല. അതുകൊണ്ട് അവർ ഇന്ന് ഒരു കുടിയിറക്ക് ഭീഷണിയിലാണ്. വളരെ വർഷങ്ങളായി കൈവശം വച്ചു അനുഭവിച്ചു വരുന്ന, പലർക്കും പട്ടയമുള്ള, പലർക്കും നികുതി ചീട്ടുള്ള ആ പ്രദേശത്തെ ഭൂമി അവരിൽ നിന്നു പിടിച്ചെടുക്കാതിരിക്കാൻ അവർക്ക് ഭൂമി കൈവശം വച്ചു കൊടുക്കാനും പട്ടയമില്ലാത്തവർക്ക് പട്ടയം നൽകാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ : എ. നീലലോഹിതദാസൻ നാടാർ) : സർ, പൂത്തക്കൊല്ലി വനം മുൻപ് ചെമ്പറമ്പി എസ്റ്റേറ്റിന്റേയും പിന്നീട് എൻസ്റ്റോൺ എസ്റ്റേറ്റിന്റേയും ഇപ്പോൾ പടൂർ പ്ലാന്റേഷന്റേയും കൈവശമാണ്. ഈ ഭാഗത്ത് അഞ്ചു ഹെക്ടറോളം സ്ഥലത്ത് വനം വകുപ്പ് 1995-ൽ വൃക്ഷതൈകൾ നട്ടിരുന്നു. ഇതിനോട് ചേർന്ന് 30-ഓളം കുടുംബങ്ങൾ ദീർഘകാലമായി താമസിക്കുന്നത് ഉദ്ദേശം 50 ഏക്കറോളം സ്ഥലത്താണ്. ഈ സ്ഥലം വൈത്തിരി താലൂക്കിൽ കോട്ടപ്പടി വില്ലേജിൽ റീസർവ്വേ 505/1/520-ൽപെട്ടതാണ്. പുല്ലുമേഞ്ഞതും ഷീറ്റ് ഇട്ടതും കോൺക്രീറ്റ് മേൽക്കൂര ഉള്ളതുമായ നിരവധി വീടുകൾ ഇവിടെയുണ്ട്. വീടുകൾക്കെല്ലാം പഞ്ചായത്ത് നമ്പരുള്ളതും ചില വീടുകൾ വൈദ്യുതീകരിച്ചതുമാണ്. ഈ സ്ഥലത്തുള്ള താമസക്കാരെ കുടിയൊഴിപ്പിക്കാനുള്ള ശ്രമങ്ങളോ, മറ്റുതരത്തിൽ പീഡിപ്പിക്കാനുള്ള ശ്രമങ്ങളോ ഒന്നും വനംവകുപ്പിൽ നിന്നും ഉണ്ടായിട്ടില്ല. എന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. ഇത് സംബന്ധിച്ച് ആവശ്യമെന്ന് കണ്ടാൽ ബഹുമാനപ്പെട്ട എം.എൽ.എയും വനംവകുപ്പുദ്യോഗസ്ഥ

LIBRARY ARCHIVES Kerala Legislative Assembly